നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ ഗ്രാമവികസന പദ്ധതികൾ

138 (2270) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 വർഷത്തിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ ഗ്രാമീണ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2003-2004-ൽ ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത് ; ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് ; വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം-1ൽ കൊടുത്തിട്ടുണ്ട്.†

(ബി) അനുബന്ധം-2ൽ കൊടുത്തിട്ടുണ്ട്.†

ഗ്രാമവികസനവകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾ

139 (2271) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികളെന്നും സംസ്ഥാനവിഷ്കൃത പദ്ധതികളെന്നും വിശദീകരിക്കാമോ ;

(സി) സംസ്ഥാനവിഷ്കൃത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖാന്തിരമാണോ നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പ് മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സ്വർണ്ണജയന്തി ഗ്രാമസ്വറാസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (സ്ട്രീം 1)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (സ്ട്രീം 11)
4. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
5. സമ്പൂർണ്ണ ശുചിത്വ പരിപാടി.
6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly